പതിമൂന്നാം കേരള നിയമസഭ
പതിനാലാം സമ്മേളനം

| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.T2221 | 8.07.2015- ൽ മറുപടി നല്കേണ്ടത്. |
|---|---|

**ഭക്ഷ്യ വിഷബാധ**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. കോടിയേരി ബാലകൃഷ്ണൻ | | ശ്രീ. വി. എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) | വ്യാപകമായി ഭക്ഷ്യ വിഷബാധ ഉണ്ടാകുന്ന വെന്ന കാര്യം ശ്രദ്ധിച്ചിട്ടുണ്ടോ; വിശദമാക്കാമോ ; | എ) | ഭക്ഷ്യ വിഷബാധ സംബന്ധിച്ച റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ വ്യാപകമായി ഉണ്ടാകുന്നവെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| ബി) | ഈ സർക്കാർ അധികാരത്തിൽ വന്ന് നാളിതുവരെ എത്ര ഭക്ഷ്യവിഷ ബാധകൾ റിപ്പോർട്ട് ചെയ്തെന്ന് വ്യക്തമാക്കാമോ; ഭക്ഷ്യ വിഷബാധ യേറ്റ് എത്ര പേർ മരിച്ചുവെന്ന വിശദമാക്കാമോ; | ബ) | 23 ഭക്ഷ്യ വിഷബാധ കേസുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഒരു മരണം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| സി) | ഭക്ഷണം പരിശോധിക്കുന്നതിന് ആരോഗ്യ വകുപ്പിന്റെ കീഴിൽ എത്രലാബുകൾ നിലവിലുണ്ടെന്ന് വ്യക്തമാക്കാമോ; പ്രസ്തുത ലാബു കളിൽ എത്ര ഭക്ഷണ പരിശോധന നടത്തിയിട്ടുണ്ടെന്ന് വിശദമാക്കാ മോ? | സി) | ഭക്ഷ്യസുരക്ഷാ കമ്മീഷണറുടെ നിയന്ത്രണത്തിൽ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ അനലിറ്റിക്കൽ ലാബുകളും പ ത്തനംതിട്ടയിൽ ഒരു ജില്ലാ ഫുഡ് ടെസ്ററിംഗ് ലാബും പ്രവർത്തിക്കുന്നുണ്ട്. സംസ്ഥാനത്ത് 2014-15 കാലയളവിൽ സ്റ്റാറ്റ്യൂട്ടറി, ഇൻഫോർമൽ, സ്വകാര്യ സാമ്പിളുകൾ, കുടിവെള്ള സാമ്പിളുകൾ മറ്റ് സർക്കാർ സാമ്പിളുകൾ ഉൾപ്പെടെ 6798 സാമ്പിളു കൾ പരിശോധനയ്ക്ക് വിധേയമാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ